**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1521** **08-12-2022 - ൽ മറുപടിയ്ക്ക്**

**അംഗീകാരം ലഭിച്ചിട്ടില്ലാത്ത അധ്യാപകർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ ജോലി നേടിയിട്ടുള്ളവരും എന്നാൽ സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ലാത്തതുമായ അദ്ധ്യാപകർക്ക് ഭിന്നശേഷി സംവരണം നടപ്പാക്കുന്നതിനെ തുടർന്ന് ജോലി നഷ്ടമാകുന്ന സാഹചര്യം ഉണ്ടായാൽ തൊട്ടടുത്തു വരുന്ന ഒഴിവ് പ്രസ്തുത അദ്ധ്യാപകർക്കായി നീക്കിവെക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (എ) | ഭിന്നശേഷി സംവരണം നടപ്പാക്കുന്നതിനെ തുടർന്ന് ജോലി നഷ്ടമാകുന്ന സംസ്ഥാനത്തെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ ജോലി നേടിയിട്ടുള്ളവരും എന്നാൽ സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ലാത്തതുമായ അദ്ധ്യാപകർക്ക് തുടർന്ന് വരുന്ന ഒഴിവുകളിൽ നിയമനം നൽകാൻ മുൻഗണന നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 23.11.2022 ലെ എച്ച്2/295299/ 2021/ഡിജിഇ നമ്പർ പരിപത്രത്തിൽ പ്രസ്തുത നിർദേശം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ